# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 27.07.2024 മുതൽ 31.07.2024 വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/എം.പി.എം - 60/2024 | തീയ്യതി: 26/07/2024 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 103.5 | 27.6 – 30.6 | 23.6 – 24.8 | 83 – 95 | 06 – 14 |

### ബി.വരുന്നഅഞ്ച്ദിവസങ്ങളിലേക്കുള്ളകാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 27-07-2024 | 28-07-2024 | 29-07-2024 | 30-07-2024 | 31-07-2024 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 24 | 18 | 26 | 12 | 19 |
| കൂടിയതാപനില, °C | 31 | 31 | 31 | 31 | 31 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 90 | 90 | 95 | 95 | 95 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 85 | 85 | 85 | 80 | 85 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 8 | 15 | 14 | 12 | 5 |
| കാറ്റിന്റെദിശ, ഡിഗ്രി | 320 | 340 | 290 | 290 | 270 |
| മേഘവിന്യാസം, ഒക്ടാ | 8 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **ഒറ്റപ്പെട്ട ശക്തിയായ മഴ **** | | |
| | ഉയർന്ന അന്തരീക്ഷ ആർദ്രത അനുഭവപ്പെടും. ആകാശം പൂർണമായും മേഘാവൃതമായിരിക്കും. അന്തരീക്ഷ ഊഷ്മാവ് സ്വാധാരണയിൽ കുറവായിരിക്കും. ജൂലൈ 26,28 ന് ഒറ്റപ്പെട്ട ശക്തിയായ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 64.5 മില്ലിമുതൽ 115.5 മില്ലി വരെ) ജൂലൈ 27,29,30 ന് ശക്തികുറഞ്ഞ മഴ (ഇരുപത്തിനാലു മണിക്കൂറിൽ 115.6 മില്ലിമുതൽ 204.4 മില്ലി വരെ) | | |

| | | | |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായ ശക്തമായ മഴയിൽ അമിതമായി വെള്ളക്കെട്ടുണ്ടായിരിക്കുന്ന ഇടങ്ങളിൽ നീർ വാർച്ച അനുവദിക്കുക<br><br>വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക. മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br><br>വളം, വിത്ത്, കാലിത്തീറ്റകൾ എന്നിവ ഈർപ്പം തട്ടാത്തതും കീടങ്ങൾ ഇല്ലാത്തതുമായ മുറികളിൽ ഉയർത്തികെട്ടി പലക പാകിയ പ്രതലങ്ങളിൽ മേൽ സൂക്ഷിക്കുക.<br><br>കന്നുകാലികളെ ബലക്ഷയമുള്ള തൊഴുത്തുകളിൽ പാർപ്പിക്കരുത്<br><br>വൃക്ഷ വിളകൾ നടുമ്പോൾ,ചെടികൾ തമ്മിൽ ശാസ്ത്രീയമായ അകലം ഉറപ്പാക്കണം. മേൽ മണ്ണിന്റെ കൂടെ ജൈവ വളങ്ങൾ മിശ്രിതം ചെയ്തു വേണം കുഴികൾ മൂന്നിൽ രണ്ടു ഭാഗം നിറക്കാൻ. വർഷ കാലം തുടങ്ങുന്നതോടുകൂടി തൈകൾ നടാം.<br><br>അവശ്യ ഘട്ടങ്ങളിൽ മഴയില്ലാത്ത ഇടവേളകൾ ലഭിക്കുമ്പോൾ മാത്രം പശ ചേർത്തു കീടനാശിനി തളിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | കരിച്ചൽ/ചീച്ചൽ രോഗം | മുൻകരുതലായി ബ്ലീച്ചിങ് പൗഡർ (ഏക്കറിന് 2 കിലോ) സുഷിരങ്ങളുള്ള കിഴികളിലാക്കി വെള്ളം കണ്ടത്തിലേക്ക് പ്രവേശിക്കുന്ന ഇടങ്ങളിൽ നിക്ഷേപിക്കുക |
| തെങ്ങ്/ | തൈകൾ | വെള്ളം കെട്ടികിടക്കുന്ന അവസ്ഥ/കൂമ്പു ചീയൽ | തൈക്കുഴികളിൽ വെള്ളംകെട്ടികിടക്കാൻ അനുവദിക്കരുത്. കുഴികളിലേക്കു വെള്ളം ഒലിച്ചിറങ്ങാതിരിക്കാൻ കുഴിക്ക് ചുറ്റും വരമ്പ് നിർമിക്കുക.<br>മഴയുടെ ഇടവേളയിൽ 1 % ബോർഡോക്സ് മിശ്രിതം ഇലകളിലും കൂമ്പിലും പശ ചേർത്ത് തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | കൊമ്പൻ ചെല്ലി<br><br>ഉയരം കുറഞ്ഞ തെങ്ങുകൾ പൊതുവെ കൂടുതൽ ആക്രമണ വിധേയരാണ് | കൊമ്പൻ ചെല്ലി :തെങ്ങിന്റെ അഗ്രഭാഗത്തുനിന്നും ചെല്ലിക്കോൽ ഉപയോഗിച്ച് വണ്ടുകളെ കുത്തിയെടുത്ത് നശിപ്പിക്കുക. ബോർഡോ കുഴമ്പ് കൊണ്ട് വണ്ടുകൾ തുരന്ന ദ്വാരം നിറക്കുന്നത് മുറിവിൽ കൂടി ഉണ്ടായേക്കാവുന്ന പൂപ്പൽ ബാധയെ തടയാൻ സഹായിക്കും.<br><br>ഉപയോഗ സൂന്യമായ മീൻ വലകൾ ഒരു മീറ്റർ നീളത്തിലും അര മീറ്റർ വീതിയിലും മുറിച്ചെടുത്തു തെങ്ങിൻറെ മൂന്നാമത്തെയും നാലാമത്തെയും ഒലക്കവിളുകളിൽ വിരിച്ചു നടുഭാഗത്തു ചെറുകല്ലുകൾ വച്ച് ഉൾഭാഗത്തേക്കു തള്ളി അമർത്തി വെക്കുക. ഓലത്തണ്ടിന്റെ രണ്ടു ഭാഗത്തേക്കും പുറത്തേക്കു തൂങ്ങി നിൽക്കുന്ന വലയുടെ വശങ്ങൾ നന്നായി വിടർന്നിരിക്കണം. പാറിവരുന്ന വണ്ടുകൾ കാലുകൾ വലയിൽ കുടുങ്ങി സഞ്ചരിക്കാൻ പറ്റാതെ നശിച്ചു പോകും, പുതു ഓലകൾ വിടരുന്നതിനനുസരിച് വല മുകളിലോട്ട് മാറ്റി മാറ്റി വെക്കുവാൻ ശ്രദ്ധിക്കുക. |

| | | | |
|---|---|---|---|
| കുരുമുളക് | വിവിധ ഘട്ടം | ചീച്ചൽ രോഗം<br>  | ചീച്ചൽ രോഗം : മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക.<br>രോഗ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ റെഡോമിൽ രണ്ടു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിലെ മണ്ണ് കുതിർക്കുക.<br>ഇലകളിൽ ചീച്ചൽ കാണുകയാണെങ്കിൽ ഇതേ മിശ്രിതം ഇലകളിലും തണ്ടിലും തളിക്കുക. |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം<br> | രോഗം ബാധിച്ച ഇലകൾ മുറിച്ചു മാറ്റി തോട്ടത്തിനു വെളിയിൽ കൊണ്ടുവന്ന് കത്തിച്ചു കളയണം. മുറിച്ചു മാറ്റിയ ഇലകൾ യാതൊരു കാരണവശാലും തോട്ടത്തിൽ ഇടരുത്. വാഴയിൽ കോൺടാഫ് അല്ലെങ്കിൽ ടിൽറ്റ് ഇവയിൽ ഏതെങ്കിലും (2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്നാ തോതിൽ) തളിക്കുക.<br>20% പൊട്ടാഷ് വളം അധികമായി നൽകുക. |
| മഞ്ഞൾ | വിവിധ ഘട്ടം | തണ്ടുതുരപ്പൻ<br> | ഫ്ലൂബെൻഡയാമൈഡ് (ഫെയിം) 1 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |
| ഇഞ്ചി | ഇഞ്ചി പ്രാരംഭ വളർച്ചാഘട്ടം | തണ്ടുതുരപ്പൻ<br>  | ഏതെങ്കിലും വേപ്പധിഷ്ഠിത കീടനാശിനി 4 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക അല്ലെങ്കിൽ<br>ഫ്ലൂബെൻഡയാമൈഡ് 2 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഒരാഴ്ച ഇടവേളയിൽ 2-3 തവണ തളിച്ചു കൊടുക്കുക. |

| | | | |
|---|---|---|---|
| പശു | വിവിധഘട്ടം | എഫിമെറൽ ഫീവർ (ബിഇഎഫ്)  | എഫിമെറൽ ഫീവർ (ബിഇഎഫ്) കന്നുകാലികളെയും എരുമകളെയും ബാധിക്കുന്ന ഒരു രോഗമാണ്, ഇത് ചെറിയ പനി, വിറയൽ, മുടന്തൽ, പേശികളുടെ കാഠിന്യം എന്നിവയാൽ അടയാളപ്പെടുത്തുന്നു. ഈ രോഗം പാലുൽപാദനം കുറയാനും പ്രത്യുൽപാദനശേഷി കുറയാനും ഗർഭച്ഛിദ്രത്തിനും കാരണമാകും.<br><br>ചികിത്സ: ഫിനൈൽ ബ്യൂട്ടാസോൺ സോഡിയം (200 മില്ലിഗ്രാം) 10 മില്ലി / കന്നുകാലികൾക്ക് 3 ദിവസത്തേക്ക് രണ്ട് ഡോസുകളിലായി നൽകണം. |
| പശു/ആട് | വിവിധ ഘട്ടം | കുളമ്പിൽ പഴുപ്പ് | തൊഴുത്തിലും പുറത്തും വെള്ളം കെട്ടിനിൽകാതെ സൂക്ഷിക്കുക. അതോടൊപ്പം മൃഗങ്ങൾക്കു പൂർണ ശുചിത്ത്വം ഉറപ്പുവരുത്തുക. 0.2 % പൊട്ടാസിയം പെർമാംഗനേറ്റ് (2 ഗ്രാം പൊട്ടാസിയം പെർമാംഗനേറ്റ് 1 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച) ലായനി ഉപയോഗിച്ച് കുളമ്പുകൾ വൃത്തിയായി കഴുകി കോട്ടൺ തുണി ഉപയോഗിച്ച് തുടക്കുക. |
| പശു | കറവപ്പശു | അകിടു വീക്കം  | രോഗം വരുന്നത് തടയാനായി പശുക്കളുടെയും പരിസരങ്ങളുടെയും ശുചിത്വം എപ്പോഴും ഉറപ്പുവരുത്തുക, കറവയന്ത്രം ഓരോ തവണയും ഉപയോഗം കഴിഞ്ഞയുടനെ കഴുകി സൂക്ഷിക്കുക. പ്രാണിശല്യം നിയന്ത്രിക്കുക, പശുക്കൾക്ക് രോഗപ്രതിരോധ ശേഷി നൽകുന്ന ടോണിക്കുകൾ നൽകുക. രോഗ ലക്ഷണങ്ങൾ കാണുകയാണെങ്കിൽ അടുത്തുള്ള മൃഗാശുപത്രിയുമായി എത്രയും പെട്ടെന്ന് ബന്ധപ്പെടുക. പ്രാരംഭഘട്ടത്തിൽ തന്നെ ചികിത്സ നൽകിയാൽ രോഗം ഫലപ്രദമായി നിയന്ത്രിക്കാം.. |
| കോഴി | വിവിധ ഘട്ടം | അണുബാധ | കൂടുകളുടെ തറയിൽ ഈർപ്പം നിലനിൽക്കാൻ അനുവദിക്കരുത് ഈർപ്പം നിലനിന്നാൽ തറയിൽ വീഴുന്ന കാഷ്ഠത്തിൽ നിന്നും അമോണിയ വാതകം പുറത്തേക്കു വമിക്കും.. അത് കോഴികളുടെ ആരോഗ്യത്തിനെ പ്രതികൂലമായി ബാധിക്കും. |

**മഴ അപായവർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

| | | | |
|---|---|---|---|
| **താക്കീത്**<br>**(ഉടൻനടപടിയെടുക്കുക)** | **ജാഗ്രത**<br>**(തയ്യാറാവുക)** | **ശ്രദ്ധ**<br>**(കാതോർക്കുക)** | **നിസ്സാരം**<br>**(നടപടികൾആവശ്യമില്ല)** |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി